മൊകേരി യു. പി. സ്കൂളിൽ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ

88 (2963) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മൊകേരി യു. പി. സ്കൂൾ അദ്ധ്യാപകനായിരുന്ന കെ. ടി. ജയകൃഷ്ണനെ ക്ലാസ് മുറിക്കുള്ളിൽ വച്ച് അക്രമികൾ വെട്ടിക്കൊന്നതിനെ തുടർന്ന് എത്ര ദിവസം പ്രസ്തുത സ്കൂളിൽ അദ്ധ്യയനം തടസ്സപ്പെട്ടു ;

(ബി) ഈ സംഭവത്തിന് ദൃക്സാക്ഷികളായ വിദ്യാർത്ഥികളെ കൗൺസിലിംഗിന് വിധേയരാക്കിയോ ;

(സി) ഏതെല്ലാം വിധത്തിലുള്ള കൗൺസിലിംഗാണ് അവർക്ക് നൽകിയത് ;

(ഡി) ഈ സംഭവത്തിന് സാക്ഷ്യം വഹിച്ച എല്ലാ കുട്ടികളും ഈ സ്കൂളിൽ തുടർന്ന് പഠിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എത്ര കുട്ടികൾ ഈ സ്കൂളിലെ അദ്ധ്യയനം മതിയാക്കിയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ആറു ദിവസം.

(ബി) വിധേയരാക്കി.

(സി) ആറു ദിവസം ഡോക്ടർമാർ സൈക്കോ തെറാപ്പി നൽകി.

(ഡി) ഇല്ല.

(ഇ) 500 കുട്ടികളിൽ 29 കുട്ടികൾ.

ഫാമിലി ബെനിഫിറ്റ് തുക നൽകുന്നതിന് നടപടി

89 (2964) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര വിദ്യാഭ്യാസ ഉപജില്ലയിലെ ഓടനാവട്ടം വി. എച്ച് എസ്. എസ് -ലെ പ്രിൻസിപ്പാൾ ശ്രീ. ആർ. രാജപ്പക്കുറുപ്പ് സർവ്വീസിൽ നിന്നും വിരമിച്ചത് എന്നാണ് ;

(ബി) ഇദ്ദേഹത്തിന്റെ ഫാമിലി ബെനിഫിറ്റ് തുക നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ ഇത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-5-1998 ൽ

(ബി) ഇക്കാര്യം വിശദമായി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly